#IIMKinMedia

Date: September 10, 2026

Newspaper: Madhyamam, pg. 03



ഐ.ഐ.എം.കെ കൊച്ചി കാമ്പസ് ഹെൽത്ത് കെയർ ഏറ്റെടുക്കുന്ന കരാറിൽ ഇഖ്റ ആശുപത്രിയും ഐ.ഐ.എം.കെയും ധാരണപത്രത്തിൽ ഒപ്പുവെച്ചപ്പോൾ

# ഐ.ഐ.എം.കെ കൊച്ചി കാമ്പസ് ഡിസ്പെൻസറി: ഇഖ്റ ആശുപത്രിയുമായി കരാർ

**കോഴിക്കോട്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐ.ഐ.എം.കെ) കൊച്ചി കാമ്പസിലെ ഡിസ്പെൻസറി നടത്താൻ ഇഖ്റ ആശുപത്രിയുമായി കരാറിൽ ഒപ്പുവെച്ചു. കോഴിക്കോട് ഐ.ഐ.എം.കെ മെയിൻ കാമ്പസിലെ ഹെൽത്ത് കെയർ ക്ലിനിക്ക് ഒമ്പത് വർഷമായി ഇഖ്റയാണ് നടത്തുന്നത്.

കഴിഞ്ഞ ദിവസങ്ങളിൽ ഐ.ഐ.എം.കെയിൽ നടന്ന മന്ത്രിസഭയുടെ പ്രത്യേക പരിശീലന പരിപാടിക്ക് ആവശ്യമായ ആരോഗ്യ സുരക്ഷ സംവിധാനങ്ങൾ ഒരുക്കിയത് ഇഖ്റ ആശുപത്രിയുടെ നേതൃത്വത്തിലായിരുന്നു.

നിലവിൽ കോഴിക്കോട് കാമ്പസിൽ ഡോക്ടർമാർ, നഴ്സിങ്, ഫാർമസി, ലാബ് അടക്കമുള്ള സേവനങ്ങളാണ് ഇഖ്റ നൽകുന്നത്. കൊച്ചി ഐ.ഐ.എം.കെ കാമ്പസിലും ഈ സേവനങ്ങളും സൗകര്യങ്ങളും ഒരുക്കും.

കോഴിക്കോട് ഐ.ഐ.എം.കെ അഡ്മിനിസ്ട്രേറ്റിവ് ഓഫിസിൽ നടന്ന ചടങ്ങിൽ ഐ.ഐ.എം.കെ ചീഫ് അഡ്മിനിസ്ട്രേറ്റിവ് ഓഫിസർ അജു ജോൺ വർഗീസ്, ഇഖ്റ ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. പി.സി. അൻവർ എന്നിവർ ധാരണപത്രത്തിൽ ഒപ്പിട്ടു. ജെ.ഡി.ടി ഇസ്‌ലാം ഓർഫനേജ് സെക്രട്ടറി സി.എ. ആരിഫ്, ജെ.ഡി.ടി ജോയന്റ് സെക്രട്ടറി ഹിലാലുദ്ദീൻ ഹസൻ, ഇഖ്റ ഹോസ്പിറ്റൽ ഗ്രൂപ്പ് ജനറൽ മാനേജർ മുഹമ്മദ് ജസീൽ നാലകത്ത്, ഐ.ഐ.എം.കെ ഡിസ്പെൻസറി ഫിസിഷ്യൻ ഡോ. മറിയം ഷബീറ, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റിവ് ഓഫിസർ നിവിൻ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.